# പതിനാലാം കേരള നിയമസഭ
# പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 364 — 24.06.2019 – ൽ മറുപടിക്ക്

## ഇ.എസ്.ഐ. ആശുപത്രികളിലെ ചികിത്സാസൗകര്യങ്ങൾ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.വി.കെ.ഇബ്രാഹിം കുഞ്ഞ്<br>ശ്രീ. ടി. വി. ഇബ്രാഹിം<br>ശ്രീ. മഞ്ഞളാംകുഴി അലി<br>ശ്രീ.എൻ.എ.നെല്ലിക്കുന്ന് | | ശ്രീ.ടി.പി.രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) | സംസ്ഥാനത്തെ ഇ.എസ്.ഐ. ആശുപത്രികളിൽ നിന്നും തൊഴിലാളികൾക്ക് ലഭിക്കുന്ന സേവനങ്ങൾ അപര്യാപ്തമാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | പ്രസ്തുത ആശുപത്രികൾക്ക് കൂടുതൽ സാമ്പത്തികസഹായം നൽകാനും കൂടുതൽ ചികിത്സാസൗകര്യങ്ങൾ ഏർപ്പെടുത്താനും എന്തെങ്കിലും പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ? | (ബി) | ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പിന്റെ പരിധിയിലുള്ള ഇ.എസ്.ഐ ആശുപത്രികളുടെയും ഡിസ്പെൻസറി കളുടെയും പ്രവർത്തനങ്ങൾ പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് നിയമിച്ച മൂന്നംഗ കമ്മിറ്റിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാന ത്തിൽ ചികിത്സാ സൗകര്യങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുന്നതിനായി വിവിധ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. ഓരോ ഇ.എസ്.ഐ ആശുപത്രികളിലും പ്രസ്തുത സ്ഥാപനങ്ങ |

| | | | |
|---|---|---|---|
| | | | ളിലെ ജീവനക്കാരെ ഉൾപ്പെടുത്തി ഒരു വെൽഫെയർ കമ്മിറ്റി പുതുതായി രൂപീകരിച്ചിട്ടുണ്ട്.<br>സംസ്ഥാനത്തെ 9 ഇ.എസ്.ഐ ആശുപത്രികളിലും കമ്പ്യൂട്ടറൈസ്ഡ് റേഡിയോഗ്രാഫി യൂണിറ്റുകൾ സ്ഥാപിച്ചിട്ടുണ്ട്. ടോക്കൺ സിസ്റ്റം നിലവിലില്ലാത്ത ഇ.എസ്.ഐ ആശുപത്രികളിൽ ടോക്കൺ സിസ്റ്റം സ്ഥാപിച്ചു. ഫീഡിംഗ് ഡിസ്പെൻസറികളിൽ നിന്നും ആശുപത്രി ഒ.പി വിഭാഗത്തിൽ ചികിത്സയ്ക്ക് എത്തുന്ന രോഗികൾക്ക് 5 ദിവസത്തേക്കാവശ്യമായ മരുന്നുകൾ വിതരണം ചെയ്യുന്നതിന് 7 ഇ.എസ്.ഐ ആശുപത്രികളിൽ ഫാർമസി ഔട്ട് ലെറ്റ് പ്രവർത്തനമാരംഭിച്ചിട്ടുണ്ട്.<br>ആശുപത്രികളിൽ അനസ്തേഷ്യാ വർക്ക് സ്റ്റേഷൻ, ഓപ്പറേഷൻ ടേബിൾ, ആട്ടോക്ലേവ് മെഷീൻ, ഓപ്പറേഷൻ ടേബിൾ ലൈറ്റ്, ഓക്സിജൻ കോൺസൻട്രേറ്റർ, മൾട്ടിപാരാ മോണിറ്റർ എന്നീ ഉപകരണങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. ഫെറോക്ക് ഇ.എസ്.ഐ ആശുപത്രി കേന്ദ്രമാക്കി ഒരു റീജിയണൽ ലബോറട്ടറി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. എറണാകുളം ഇ.എസ്.ഐ ആശുപത്രി 100 കിടക്കകളുള്ള ആശുപത്രിയായി ഉയർത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

| | | | |
|---|---|---|---|
| | | | സൂപ്പർ സ്പെഷ്യാലിറ്റി ചികിത്സയ്ക്കുള്ള റഫറൻസ് ഓൺലൈൻ വഴി നൽകുന്നുണ്ട്. റേറ്റ് കോൺട്രാക്ടിൽ ഉൾപ്പെടാത്ത മരുന്നുകൾ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡിൽ നിന്ന് വാങ്ങി വിതരണം ചെയ്യുന്നുണ്ട്. ഇ.എസ്.ഐ കോർപ്പറേഷന്റെ റേറ്റ് കോൺട്രാക്ടിലുൾപ്പെട്ടതും എന്നാൽ മരുന്ന്കമ്പനികൾ സമയത്ത് വിതരണം നടത്താത്തതുമായ 103 ഇനം അവശ്യ മരുന്നുകൾ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ, കേരള സ്റ്റേറ്റ് ഡ്രഗ്സ് & ഫാർമസ്യൂട്ടിക്കൽസ്, നീതി മെഡിക്കൽ സ്റ്റോർ മുതലായ സ്ഥാപനങ്ങളിൽ നിന്ന് വാങ്ങുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്. ക്യാൻസർ, കിഡ്നി സംബന്ധമായ അസുഖമുള്ള രോഗികൾക്ക് സ്പെഷ്യൽ ഇന്റന്റ് സ്വീകരിച്ച് റേറ്റ് കോൺട്രാക്ട് മുഖേനയും ക്വട്ടേഷൻ വഴിയും മരുന്നു വിതരണം ചെയ്യുന്നു. കൂടാതെ സ്പെഷ്യൽ ഇന്റന്റുവഴി ഇംപ്ലാന്റുകൾ, അപ്ലയൻസുകൾ എന്നിവയും വാങ്ങി വിതരണം ചെയ്യുന്നുണ്ട്. വിതരണം ചെയ്യുന്ന മരുന്നുകളുടെ ഗുണനിലവാരം പരിശോധിക്കുന്നതിനായി പേരൂർക്കട ഇ.എസ്.ഐ ആശുപത്രിയിൽ ഡ്രഗ് ടെസ്റ്റിംഗ് ലാബ് |

| | | | |
|---|---|---|---|
| | | | പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. പത്തു ജില്ലകളിലായി 14 നോൺ കമ്മ്യൂണിക്കബിൾ ഡിസീസസ് (NCD) ക്ലിനിക്കുകൾ ആരംഭിച്ചിട്ടുണ്ട്. ഇ.എസ്.ഐ ആശുപത്രികളിൽ കിടത്തി ചികിത്സിക്കുന്ന രോഗികൾക്ക് ഭക്ഷണത്തിനു വേണ്ടി ഹരിതമിഷനുമായി ചേർന്ന് ആശുപത്രികളിൽ ജൈവ പച്ചക്കറി കൃഷി ആരംഭിച്ചു. പ്രോജക്ട് ഇംപ്ലിമെന്റേഷൻ പ്ലാൻ വഴി രോഗികൾക്ക് മികച്ച സേവനങ്ങൾ ലഭ്യമാക്കുന്നതിന് 4 ഇ.എസ്.ഐ ആശുപത്രികളിൽ 'ഫുള്ളി ഓട്ടമേറ്റഡ് ബയോകെമിസ്ട്രി അനലൈസറുകൾ' സ്ഥാപിച്ചു. പേരൂർക്കട, ഫെറോക്ക് ഇ.എസ്.ഐ ആശുപത്രികളിൽ കീമോതെറാപ്പി യൂണിറ്റുകളും പവർ ലോൺട്രി സംവിധാനവും സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. രണ്ട് ആശുപത്രികളിൽ ഹെമറ്റോളജി അനലൈസറുകൾ സ്ഥാപിച്ചു. എല്ലാ ഇ.എസ്.ഐ ആശുപത്രികളിലും ഹെൽപ് ഡെസ്ക് സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. ഉച്ചക്ക് ശേഷവും ലബോറട്ടറി സൗകര്യം ലഭിക്കുന്നതിനായി സ്വകാര്യ ലാബുകളുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ട്.<br>2019-20 വർഷത്തെ പ്രോജക്ട് |

| | | | |
|---|---|---|---|
| | | | ഇംപ്ലിമെന്റേഷൻ പ്ലാനിൽ 9 ആശുപത്രികളിലും ഐ.സി.യു, മുളങ്കുന്നത്തുകാവ് ഇ.എസ്.ഐ ആശുപത്രിയിൽ 5 ബെഡ് ഡയാലിസിസ് യൂണിറ്റ്, ഒളരിക്കര ഇ.എസ്.ഐ ആശുപത്രിയിൽ കീമോതെറാപ്പി യൂണിറ്റ്, 8 ആശുപത്രികളിൽ സി.സി.ടി.വി എന്നിവ ഉൾപ്പെടുത്തിയിട്ടുണ്ട്. തോട്ടട ഇ.എസ്.ഐ ആശുപത്രി സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രിയായി ഉയർത്തുന്നതിനുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചു വരുന്നുണ്ട്. കൂടാതെ ഇ.എസ്.ഐ ആശുപത്രികളിൽ ലഭ്യമല്ലാത്ത സ്പെഷ്യാലിറ്റി ചികിത്സ നൽകുന്നതിന് സ്വകാര്യ ആശുപത്രികളെ എംപാനൽ ചെയ്തിട്ടുണ്ട്.<br>സംസ്ഥാനത്തെ എല്ലാ ആശുപത്രികളിലും സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടെ സേവനം ഉറപ്പാക്കിയിട്ടുണ്ട്. അസിസ്റ്റന്റ് ഇൻഷ്വറൻസ് മെഡിക്കൽ ഓഫീസർമാരുടെ ഒഴിവുള്ള തസ്തികകൾ നികത്തിയിട്ടുണ്ട്.<br>2018-19 സാമ്പത്തിക വർഷം ഇ.എസ്.ഐ ഗുണഭോക്താക്കളുടെ ചികിത്സയ്ക്കായി 77.05 കോടി രൂപയും പ്ലാൻ ഫണ്ടായി 2.01 കോടി രൂപയും ചെലവഴിച്ചിട്ടുണ്ട്. 2019-20 സാമ്പത്തിക വർഷം 10.17 കോടി രൂപയുടെ |

| | | | |
|---|---|---|---|
| | | | പ്രൊപ്പോസലിന് പ്രോജക്ട് ഇംപ്ലിമെന്റേഷൻ പ്ലാൻ മുഖേന ഇ.എസ്.ഐ കോർപ്പറേഷന്റെ അംഗീകാരം ലഭിച്ചിട്ടുണ്ട്. പ്ലാൻ ഫണ്ട് ഇനത്തിൽ 2.50 കോടി രൂപ വകയിരുത്തിയിട്ടുമുണ്ട്.<br>ഇ.എസ്.ഐ ആശുപത്രികളിലുണ്ടാവുന്ന അടിയന്തിര ആവശ്യങ്ങൾ നിർവഹിക്കുന്നതിന് ഇ.എസ്.ഐ കോർപ്പറേഷൻ 30.04.2019 ലെ 54.V.37.11.10 Constn. കത്ത് പ്രകാരം ഓരോ ആശുപത്രിക്കും Imprest Money ആയി 50000/- (അമ്പതിനായിരം) രൂപ വീതം അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ